# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:985

05.02.2020-ലെ മറുപടി

## മരട് നഗരസഭാമേഖലയിലെ കുടിവെള്ള വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭാമേഖലയിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നടത്തിവരുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | ഈ പദ്ധതിക്കായി 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 23.16 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ജനറം പദ്ധതിയുടെ കമ്മീഷനിങ്ങോടെ ആവശ്യമായ കുടിവെള്ളം ലഭ്യമാണെങ്കിലും കാലഹരണപ്പെട്ടതും വ്യാസം കുറഞ്ഞതുമായ പൈപ്പുകൾ മർദ്ദം താങ്ങാനാവാതെ പൊട്ടി ജലം പാഴാകുന്ന അവസ്ഥയിലാണ്. ഇതിനു പരിഹാരമായി പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത് . |
| (ബി) | ഈ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കമോ; | (ബി) | ഈ പദ്ധതി 6 ഘടകങ്ങൾ ആക്കിവിഭജിച്ച് പ്രാവർത്തികമാക്കിവരുന്നു. ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. ഒന്നാമത്തെ ഘടകം പൂർത്തീകരിച്ചു (മരട് ഗ്രിഗോറിയൻ സ്കൂൾ റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി).<br>2. രണ്ടാമത്തെ ഘടകത്തിലെ കൊച്ചി - മധുര റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന ജോലി പി.ഡബ്ല്യൂ.ഡി, എൻ.എച്ച് മൂവാറ്റുപുഴയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടങ്ങുവാൻ സാധിക്കും.<br>3. മൂന്നാമത്തെ ഘടകത്തിലെ പൈപ്പ് സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചു കൊണ്ടിരിക്കുന്നു (മരട് മുൻസിപ്പൽ റോഡിൽ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി സോൺ -1).<br>4. നാലാമത്തെ ഘടകം രണ്ടായി വിഭജിച്ചിരിക്കുന്നു<br>a) കുണ്ടന്നൂർ മുതൽ ക്രൗൺ പ്ലാസ ഹോട്ടൽ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | വരെ പൈപ്പ് സ്ഥാപിക്കുന്ന ജോലി കുണ്ടന്നൂർ മേൽപ്പാല നിർമ്മാണ കമ്പനി വഴി പി.ഡബ്ല്യു.ഡി പൂർത്തീകരിച്ചു.അതിന്റെ ബാക്കി ജോലികൾ മറ്റൊരു ഘടകമായി ആരംഭിച്ചിട്ടുണ്ട്.<br>b) ഈ പ്രവൃത്തിയുടെ അടങ്കൽ തയാറാക്കിവരുന്നു (എൻ.എച്ച് 66 എ 1-ന്റെ ഇരുവശങ്ങളിലുമായി കുണ്ടന്നൂർ അണ്ടർ പാസ് മുതൽ ചമ്പക്കര കനാലിന്റെ സൈഡുവരെ).<br>5. പാക്കേജ് 1 മുതൽ പാക്കേജ് 4 വരെയും 6 ന്റെയും പ്രവർത്തിയുടെ പൂർത്തീകരിച്ച തുകയുടെ വ്യക്തത വരുത്തിയതിനു ശേഷമേ പാക്കേജ് 5-ന്റെ അടങ്കൽ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ (മരട് മുൻസിപ്പൽ റോഡ് സോൺ-2).<br>6.ആറാമത്തെ പാക്കേജിന്റെ അടങ്കൽ തയാറാക്കിവരുന്നു (എൻ.എച്ച് 66-ന്റെ ഇരുവശങ്ങളിലുമായി കുണ്ടന്നൂർ കായൽ മുതൽ നെട്ടൂർ കായൽ വരെ). ഇത് പൂർത്തീകരിക്കാൻ നാഷണൽ ഹൈവേയുടെ അനുമതി ആവശ്യമാണ്. ആയതു ലഭിക്കുന്നതിനനുസരിച്ച് മാത്രമേ ഈ ഘടകം പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പദ്ധതിക്കായി എന്ത് തുകയാണ് ചെലവാകുന്നത് എന്ന് അറിയിക്കുമോ; | (സി) | 23.16 കോടി രൂപ |
| (ഡി) | പദ്ധതിക്കായുള്ള തുക കേരള ജല അതോറിറ്റിക്ക് ലഭ്യമായത് എന്നാണെന്ന് അറിയിക്കുമോ; | (ഡി) | 25.06.2019-ലെ ധനകാര്യ വകുപ്പിന്റെ 1229908/W&MII-I/1150/2019/Fin നമ്പർ കത്ത് പ്രകാരം തുക ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതിയുടെ ഭാഗമായി മുറിക്കേണ്ട റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിലേയ്ക്കായി പി.ഡബ്ള്യു.ഡി. ദേശീയപാതാ വിഭാഗത്തിനും, മരട് നഗരസഭയ്ക്കും മറ്റുള്ളവർക്കും എന്ത് തുകയാണ് നൽകേണ്ടതെന്നും ഇവയിൽ എന്ത് തുക നൽകിയെന്നും വ്യക്തമാക്കുമോ; | (ഇ), (എഫ്) & (ജി) | പി.ഡബ്ല്യു.ഡി ദേശീയ പാത വിഭാഗം പാക്കേജ് 2-ൽ 36,08,601 രൂപ ആവശ്യപെട്ടിട്ടുണ്ട് . പ്രവർത്തി 03/02/2020-ൽ തുടങ്ങുവാൻ പി.ഡബ്ല്യു.ഡി, എൻ.എച്ച് മുവാറ്റുപുഴ വാക്കാൽ അനുവാദം നൽകിയിട്ടുണ്ട് . പാക്കേജ് 3-ൽ മരട് നഗരസഭ 5,38,58,660 രൂപ ആവശ്യപ്പെട്ടതിൽ 2,05,89,026 രൂപ നൽകിയിട്ടുണ്ട് . ഫണ്ടിന്റെ അപര്യാപ്തത മൂലം തുക ഒടുക്കാത്തതിനാൽ 2, 3, 4 എ പാക്കേജുകൾ തടസ്സപ്പെട്ടു കിടക്കുകയാണ് . റോഡ് കട്ടിംഗ് അനുമതി ലഭ്യമല്ലാത്തതിനാലും ഫണ്ടിന്റെ |
| (എഫ്) | ബാക്കി തുക നൽകാത്തതിനെ തുടർന്ന് പദ്ധതി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | കാരണം അറിയിക്കുമോ; | | അപര്യാപ്തത മൂലവും 4 ബി, 5, 6 തുടങ്ങിയ ഘടകങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br>NHAI, PWD (NH) എന്നിവരുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ പര്യാപ്തതകൂടി പരിഗണിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ജി) | പ്രസ്തുത തുക അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് എന്ന് അറിയിക്കുമോ; ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ